

# കഥകളുടെ കര അഥവാ കോളങ്ങാട്ടുകര

സുധീർകുമാർ എ.

കോളങ്ങാട്ടുകര എന്ന നാട്ടിൻപുറത്തിന്റെ ഓർമ്മകളുടെ സമാഹാരമാണ് സുധീർകകുമാർ രചിച്ച ഈ പുസ്തകം. നെല്ലിപ്പറമ്പും വായനശാലയും കുമ്മാട്ടിയും കാവടിയും ക്രിക്കറ്റും ഫുട്ബോളും സിനിമയും നാടകവും പ്രണയവും രാത്രിസഞ്ചാരങ്ങളും കവിതയും സംഗീതവും നാനാ പ്രകൃതികളായ മനുഷ്യരും കൂടിച്ചേർന്ന കോളങ്ങാട്ടുകര, ഗ്രന്ഥകാരൻ പറയുമ്പോലെ, നമ്മുടേതുമാണ്. ഈ പുസ്തകം വായിക്കുമ്പോൾ നാം കോളങ്ങാട്ടുകരയെ കാണുന്നു. നമ്മുടെ ജന്മനാട് കാണുന്നു. നമ്മളെ കാണുന്നു. നമ്മുടെ ബാല്യകൗമാരങ്ങളും യൗവ്വനവും കാണുന്നു. നമ്മുടെ ചിരിയും കണ്ണീരും വീണ്ടും അനുഭവിക്കുന്നു. ചിരിച്ചു തള്ളാൻ കഴിയാത്തതും കരഞ്ഞു തീർക്കാൻ കഴിയാത്തതുമായ കുറെ ഓർമ്മകളെ നർമ്മത്തിന്റെ മഷിയിൽ മുക്കി എഴുതുകയാണ് സുധീർകുമാർ.

**രാവുണ്ണി**

ശ്രീ. സുധീർകുമാർ ഈ പുസ്തകത്തിൽ പറയുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഈ സുവർണ കാലഘട്ടത്തിന്റെ കഥകളാണ്. കോളങ്ങാട്ടുകര എന്ന തൃശൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന ചെറിയ ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന സംഭവങ്ങൾ അല്ലെങ്കിൽ ഭാവനകളാണ് പല അധ്യായങ്ങളായി ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്. ഇതിൽ അമ്പലമുണ്ട്, കുളമുണ്ട്, ഉത്സവമുണ്ട്, ക്രിക്കറ്റുണ്ട്, കള്ളുഷാപ്പുണ്ട്, ചില്ലറ അടിപിടി ഉണ്ട്, ബസ് സ്റ്റോപ്പ് കേന്ദ്രീകരിച്ചുള്ള പക്ഷി നിരീക്ഷണമുണ്ട്, പെണ്ണുകാണൽ ഉണ്ട്. ഇവയെല്ലാം ചുറ്റിപ്പറ്റി ചെറുതും അത്ര ചെറുതല്ലാത്തതുമായ കഥകൾ സുധീർ ഇതിലൂടെ അവതരിപ്പിക്കുന്നു. ഈ കഥകളിലെല്ലാം നമുക്ക് ആ ഗ്രാമത്തിന്റെ നന്മയും നിഷ്കളങ്കതയും കാണുവാൻ സാധിക്കും.

**ഡോക്ടർ കെ.എൻ. രാഘവൻ ഐആർഎസ്**

CURRENT BOOKS THRISSUR
ESTD:1952


ISBN 978-93-95338-49-3
₹ 295.00
9789395338493
00295
കറന്റ് ബുക്സ് തൃശൂർ
www.currentbooksonline.in

Memoirs

കഥകളുടെ കര അഥവാ കോളങ്ങാട്ടുകര
സുധീർകുമാർ എ.



കഥകളുടെ കര അഥവാ
കോളങ്ങാട്ടുകര



സുധീർകുമാർ എ.

42

LIBRARY
2542

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2542 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Malayalam
**Kadhakalude Kara Adhava Kolangattukara**
Memoirs by,
**Sudheerkumar A.**
1st Impression: July 2023
2nd Impression: February 2024
Cover Illustrations: Muraleedharan KT
Cover Design: Jaison Vadakkan
Type Set : Current Books, Thrissur
© Reserved
Printed at
Perfect Pagemaker Thrissur
Publishers
**Current Books Thrissur- 680 001 Keralam**
e-mail: currentbooksthrissur@gmail.com
www.currentbooksonline.in
Distribution
**CosmoBooks**
Thrissur, Kochi, Kozhikode, Kottayam.
e-mail: cosmobooks@asianetindia.com
**ISBN 978-93-95338-49-3**

All rights reserved. This work may not be translated or copied in whole or in part without the written permission of the publisher, except for brief excerpts in connection with reviews or scholarly analysis.
2804-CBT-2024- 27-350

# കഥകളുടെ കര അഥവാ കോളങ്ങാട്ടുകര

സുധീർകുമാർ എ.

കറന്റ് ബുക്സ് തൃശൂർ

## സുധീർകുമാർ എ.

ശങ്കരുട്ട്യാരുടെയും രാധമ്മയുടെയും മകനായി കോള ങ്ങാട്ടുകരയിൽ ജനനം.
റബ്ബർബോർഡിൽ ജോലി ചെയ്യുന്നു.
ഭാര്യ: പ്രീത
മകൻ : കൃഷ്ണാനന്ദ്

**വിലാസം:**

മൂകാംബിക
ആതങ്കാവിൽ
ചൂലിശ്ശേരി പോസ്റ്റ്
തൃശൂർ - 680541
മൊബൈൽ: 9447617647
sudhi8616@gmail.com


# ആമുഖം

വിഖ്യാത ചരിത്രവും പെരുമയും ഒന്നുമില്ലാത്ത, ശാന്തമായൊഴുകുന്ന തെളിമയാർന്ന അരുവി മാത്രമായിരിക്കാം കോളങ്ങാട്ടുകര.

ഞാൻ കണ്ട, ജീവിച്ച, അനുഭവിച്ച കോളങ്ങാട്ടുകരയെ കുഞ്ഞു കുറിപ്പുകളിലൂടെ, കഥകളിലൂടെ വരച്ചിടാൻ വെറുതെ ഒന്നു ശ്രമിച്ചതാണ്.

നെല്ലിപ്പറമ്പും കേരളായും വായനശാലയും കുമ്മാട്ടിയും കാവടിയും ക്രിക്കറ്റും ഫുട്ബോളും രാത്രിസഞ്ചാരങ്ങളും കവിതയും പാട്ടും നിഷ്കളങ്കരായ ഒരു കൂട്ടം മനുഷ്യരും കൂടിച്ചേർന്ന ഈ ഗ്രാമം ഒരുപക്ഷെ; നിങ്ങളുടേതുമാകാം.

കോളങ്ങാട്ടുകരയിലെ ഈ കുളിരുറവകൾ നിങ്ങളുടെ സ്വന്തം ഗ്രാമത്തിലേക്ക് - ദേശത്തേയ്ക്ക് നിമിഷ നേരത്തേക്കെങ്കിലും നിങ്ങളെ കുട്ടിക്കൊണ്ടുപോയെങ്കിൽ പ്രിയപ്പെട്ടവരേ, ഞാൻ ധന്യനായി......!

## ഉള്ളടക്കം

**അവതാരിക**
കോളങ്ങാട്ടുകരയുടെ പുരാവൃത്തങ്ങൾ
രാവുണ്ണി 9
**ആശംസ**
കോളങ്ങാട്ടുകരയിലെ കൂടോത്രക്കാർക്ക് ആശംസകൾ
ഡോ. കെ.എൻ. രാഘവൻ 12

നുള്ളിന്റെ മധുരം 15
നെല്ലിപ്പറമ്പിലെ രാത്രികളും പകലുകളും 17
ക്രിക്കറ്റ് ഭ്രാന്ത് 21
കളത്തിലിറങ്ങാത്ത ക്യാപ്റ്റൻ 23
മത്സരം 31
മുംബൈ ബൗളർ 34
ഉറക്കഗുളിക 37
പോത്തുണ്ണി 42
പോട്ടോർക്കുള്ള വഴി 45
കുമ്മാട്ടി 48
സിൽമ 53
പെണ്ണുകാണൽ 56
കടപ്പാട് 61
മസാലദോശ 65
കന്നിക്കെട്ട് 69
കൂടോത്രം 74
തീ 81
തപാൽദിനം@ചൂലിശ്ശേരി പി.ഒ.കോളങ്ങാട്ടുകര 85
വോട്ട് 17
വിടെടാ വണ്ടി ബാറിലേക്ക് 92
എമണ്ടൻ ജോസ് 97
പൊതിച്ചോറ് 102
ഒരു പഴേ യക്ഷിക്കഥ 105

ഈയപ്പൻ 111
മനോഹരന്റെ കല്യാണം 116
തടത്തിലെ പാലം 120
രാത്രി സഞ്ചാരങ്ങൾ 123
മെഡിക്കൽ സർട്ടിഫിക്കറ്റ് 130
കാട്ടയ്യപ്പൻ 136
സ്വാമിശരണം 138
വേശ്യേച്ചി 142
നാണാവില്ല്യേടാ ശവീ? 147
പറ്റുപുസ്തകം 151
കോളങ്ങാട്ടുകര കേരള 157
ബാറ്റിസ്റ്റ്യൂട്ട 164
ഇറച്ചിയും പൊറോട്ടയും 169
ലൂണാറും പാരഗണും 173
ഹമീദ്ഭായി കോളങ്ങാട്ടുകരയിൽ 176


# കോളങ്ങാട്ടുകരയുടെ പുരാവൃത്തങ്ങൾ

## രാവുണ്ണി

ഓരോ നാടിനുമുണ്ട് ക്ലേശഭരിതവും സന്തോഷഭരിതവുമായ ഭൂതകാലം, വർത്തമാനം, സ്വപ്ന നിർഭരമായ ഭാവിയും. ജന്മദേശങ്ങളും കർമ്മദേശങ്ങളും നമുക്ക് പ്രിയപ്പെട്ടതായിത്തീരുന്നത് അവിടം തന്ന അനുഭവങ്ങളുടെ സമൃദ്ധി കൊണ്ടാണ്. ഈ ഓർമ്മകൾ ഓരോ മനുഷ്യന്റെയും അമൂല്യ സമ്പാദ്യങ്ങളാണ്. കോളങ്ങാട്ടുകര എന്ന നാട്ടിൻ പുറത്തിന്റെ ഓർമ്മകളുടെ സമാഹാരമാണ് സുധീർകുമാർ രചിച്ച ഈ പുസ്തകം. നെല്ലിപ്പറമ്പും വായനശാലയും കുമ്മാട്ടിയും കാവടിയും ക്രിക്കറ്റും ഫുട്ബോളും സിനിമയും നാടകവും പ്രണയവും രാത്രിസഞ്ചാരങ്ങളും കവിതയും സംഗീതവും നാനാ പ്രകൃതികളായ മനുഷ്യരും കൂടിച്ചേർന്ന കോളങ്ങാട്ടുകര, ഗ്രന്ഥകാരൻ പറയുമ്പോലെ, നമ്മുടേതുമാണ്. ഈ പുസ്തകം വായിക്കുമ്പോൾ നാം കോളങ്ങാട്ടുകരയെ കാണുന്നു. നമ്മുടെ ജന്മനാട് കാണുന്നു. നമ്മളെ കാണുന്നു. നമ്മുടെ ബാല്യകൗമാരങ്ങളും യൗവ്വനവും കാണുന്നു. നമ്മുടെ ചിരിയും കണ്ണീരും വീണ്ടും അനുഭവിക്കുന്നു. ചിരിച്ചു തള്ളാൻ കഴിയാത്തതും കരഞ്ഞു തീർക്കാൻ കഴിയാത്തതുമായ കുറെ ഓർമ്മകളെ നർമ്മത്തിന്റെ മഷിയിൽ മുക്കി എഴുതുകയാണ് സുധീർകുമാർ.

കുട്ടികളെ പിച്ചി തോലെടുക്കുന്ന മാധവി ടീച്ചർ, കൊച്ചുനാരായണി ടീച്ചർ, രാവിലെ ആറിന് വന്ന് വായനശാലയിലെ റേഡിയോ തുറന്നു വെക്കുന്ന ലൈബ്രേറിയൻ, തൊമ്മനൗസേപ്പിന്റെ മരത്തടിയിലിരുന്ന് ബീഡി ആഞ്ഞാഞ്ഞു വലിച്ച് അടിയന്തിരാവസ്ഥക്കെതിരെ ആഞ്ഞടിക്കുന്ന സഖാക്കൾ, കൈകളിൽ ഡയറിയും ഖസാക്കിന്റെ ഇതിഹാസവുമായി നനുത്ത താടിയിൽ തടവി വസന്തത്തിന്റെ ഇടിമുഴക്കത്തെ കിനാവിലേറ്റിയ ഏട്ടന്മാർ, ആദ്യത്തെ നാടക സദ്യ വിളമ്പിയ കൃഷ്ണൻകുട്ടിയാശാൻ, കവിത നിറഞ്ഞ മുദ്രാവാക്യങ്ങളാൽ യുവരക്തങ്ങളെ തിളപ്പിച്ച പുഷ്കരൻ, ഫാസിസം/ബൂർഷ്വാ/പെറ്റി ബൂർഷ്വാ എന്നൊക്കെ നാട്ടുകാരെ ആദ്യം കേൾപ്പിച്ച സഖാവ് എ.എസ് കുട്ടി. പന്തടക്കത്തിന്റെ പര്യായമായ കെ.ടി, മറഡോണ തലക്കു പിടിച്ചപ്പോൾ